പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:907

10.06.2019-ൽ മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ആക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ.ആർ.കേളു | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് ഇനിയും നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടോ; | (എ) വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ 1 7 പേർക്ക് നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്. |
| (ബി) വന്യമൃഗങ്ങളുടെ ആക്രമണം ചെറുക്കാൻ വനം വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) വന്യജീവി ആക്രമണം തടയുന്നതിന് വനം വകുപ്പ് നിരവധി പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 2017-1 8 വരെ ഉദ്ദേശം 2 1 0 0 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 618 കി.മീ. നീളത്തിൽ ആനപ്രതിരോധ കിടങ്ങുകൾ, 177 കി.മീ ആനപ്രതിരോധ മതിൽ, 6 കി.മീ കല്ലുകെട്ടിയ കിടങ്ങുകൾ (Stone pitched trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.<br><br>മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും വനാതിർത്തിയിലുള്ള ജനങ്ങളുടെ സ്വൈര ജീവിതത്തിനും, വന്യജീവികളുടെ സംരക്ഷണത്തിനുമായി വനം വകുപ്പ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br><br>1. കാട്ടിൽ നിന്നും നാട്ടിലേയ്ക്കിറങ്ങുന്ന കാട്ടാനകളെ കാട്ടിലേയ്ക്ക് തിരിച്ച് അയയ്ക്കുന്നതിന് കുങ്കി ആനകളുടെ സേവനം ഉപയോഗിച്ചു വരുന്നുണ്ട്. |

2 . തുടർച്ചയായി നാട്ടിലിറങ്ങി ആക്രമണം നടത്തുന്ന കടുവ, പുലി തുടങ്ങിയ ജീവികളെ കൂടുവച്ച് പിടികൂടി ഉൾക്കാട്ടിൽ തുറന്ന് വിടുന്നുണ്ട്.

3 . വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങി അപകടങ്ങൾ വരുത്തുന്ന അടിയന്തര സാഹചര്യം ഉണ്ടായാൽ സമയോചിതമായി പ്രവർത്തിക്കുന്നതിന് ദ്രുതകർമ്മ സേനകളെ (Rapid Response Team) ശാക്തീകരിക്കുന്നതിനും സജ്ജരാക്കുന്നതിനും, പ്രശ്നബാധിത പ്രദേശങ്ങളിൽ പുതിയ ദ്രുതകർമ്മ സേനകൾ രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

4 . മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജവേലി, ആന പ്രതിരോധ മതിൽ, ക്രാഷ് ഗാർഡ് റോപ് ഫെൻസ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5 . വന്യജീവി ആക്രമണ സംഭവങ്ങൾ വർദ്ധിച്ചുവരുന്ന അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രശ്നത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സമഗ്രവും, ശാസ്ത്രീയവുമായ പഠനം നടത്തുവാൻ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷന്റെ പങ്കാളിത്തത്തോടെ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രതിരോധ മാർഗ്ഗങ്ങളുടെ കാര്യശേഷി സംബന്ധിച്ചും ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ജീവനക്കാർക്ക് അടിയന്തര സാഹചര്യം നേരിടുവാൻ ആവശ്യമായ പരിശീലനം, മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിന് ഒരു സമഗ്ര പദ്ധതി തയ്യാറാക്കൽ എന്നിവ പ്രസ്തുത പഠനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

6 . വന്യജീവി സംഘർഷം രൂക്ഷമായ വനപ്രദേശങ്ങളിലെ സെറ്റിൽമെന്റുകളിൽ നിന്നും ആൾക്കാരെ മാറ്റിപ്പാർപ്പിക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽ നിന്നും 339 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. വനമേഖലകളിൽ നിന്നും കൂടുതൽ ആൾക്കാരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7.പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ